**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 40** **23-01-2025 - ൽ മറുപടിയ്ക്ക്**

**കെ-ഫോണിന്റെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കെ-ഫോൺ പദ്ധതിക്കായി നാളിതുവരെ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (എ) | കിഫ്ബിയിൽ നിന്നും ലോൺ ഇനത്തിൽ ലഭിച്ച 587.07 കോടി രൂപയും, സംസ്ഥാന സർക്കാർ നൽകിയ 217.52 കോടി രൂപയും, കേന്ദ്ര സർക്കാർ ലോണായി നൽകിയ 85 കോടി രൂപയും ഉൾപ്പെടെ ആകെ 889.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | കെ-ഫോണിന്റെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (ബി) | കെ-ഫോൺ പദ്ധതിയുടെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു:-<br><br>i) 7719 കിലോമീറ്റർ ബാക്ക്ബോൺ, 27,602 കി.മീ. എ.ഡി.എസ്.എസ് (All-Dielectric Self Supporting Cable), ആക്സസ് കേബിൾ, ഒ.എഫ്.സി., 375 പോയിന്റ് ഓഫ് പ്രെസെൻസുകൾ, നെറ്റ്‌വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐറ്റി/നോൺ ഐറ്റി സംബന്ധമായ പണികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ii) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5989 കുടുംബങ്ങളുടെ വീടുകളിൽ കെ-ഫോൺ സേവനം സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്.<br><br>iii) നിലവിൽ 48,869 വാണിജ്യ കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br><br>iv) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി. 1) സർട്ടിഫിക്കേഷൻ, ഇന്റർനെറ്റ് സർവീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി) ലൈസൻസ്, NLD (National Long Distance) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്.<br><br>v) 30438 സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുകയും ഇതിൽ 24,002 ഓഫീസുകളിൽ/ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്.<br><br>vi) പൊതുജനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി 'എന്റെKFON' (enteKFON) മൊബൈൽ ആപ്ലിക്കേഷനും, 'www.kfon.in' വെബ്സൈറ്റും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. കണക്ഷൻ ലഭ്യമാക്കുന്നതിനായി പ്രസ്തുത ആപ്ലിക്കേഷൻ അല്ലെങ്കിൽ വെബ്സൈറ്റ് മുഖാന്തിരം അപേക്ഷ നൽകാവുന്നതാണ്. തെരഞ്ഞെടുത്ത ലാസ്റ്റ് മൈൽ നെറ്റ് വർക്ക് പ്രൊവൈ ഡർമാർ മുഖാന്തിരമാണ് പൊതുജനങ്ങൾക്കുള്ള കണക്ഷൻ നൽകുന്നത്. selfcare.kfon.co.in എന്ന വെബ്സൈറ്റിലൂടെ വിവിധ സർക്കാർ സ്ഥാപനങ്ങൾ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും ഇല്ലെങ്കിൽ പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്. |
| (സി) | സർക്കാർ സ്ഥാപനങ്ങൾക്കും ഓരോ മണ്ഡലത്തിലെയും പാവപ്പെട്ട കുടുംബങ്ങൾക്കും സൗജന്യമായി കെ-ഫോൺ കണക്ഷൻ വഴി ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുമെന്ന ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എത്ര വീടുകൾ, എത്ര സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കണക്ഷൻ നല്കിയിട്ടുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ; | (സി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് മാത്രമാണ് സൗജന്യമായി കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നത്. സർക്കാർ ഓഫീസുകളിൽ സൗജന്യമായല്ല കണക്ഷൻ നൽകുന്നത്. വീടുകൾ, ഓഫീസുകൾ/ സ്ഥാപനങ്ങൾ എന്നിവയുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി) | പ്രസ്തുത കണക്ഷനുകളുടെ ബിൽ തുക ആരാണ് കെ-ഫോൺ കമ്പനിക്ക് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ; | (ഡി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്കുള്ള സൗജന്യ കണക്ഷനുകളുടെ തുക സർക്കാരാണ് കെ-ഫോൺ ലിമിറ്റഡിന് നൽകുന്നത്. സർക്കാർ ഓഫീസുകൾ/ സ്ഥാപനങ്ങൾ കണക്ഷൻ ഉപയോഗിക്കുന്നതിന് ചെലവാകുന്ന തുക ഡിമാൻഡ് നോട്ടിന്റെ അടിസ്ഥാനത്തിൽ അതാത് ഓഫീസുകൾ/ സ്ഥാപനങ്ങൾ കെ-ഫോൺ ലിമിറ്റഡിന് നൽകണം. |
| (ഇ) | കണക്ഷനുകളുടെ ബിൽ തുക കുടിശികയായി എവിടെയെങ്കിലും കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ; എങ്കിൽ കെ-ഫോൺ കമ്പനിക്ക് ബിൽ തുക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | ബിൽ തുക കുടിശികയായതുമൂലം എവിടെയും കെ-ഫോൺ ഇന്റർനെറ്റ് കണക്ഷൻ വിച്ഛേദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | സൗജന്യ കണക്ഷനുകളുടെ എണ്ണം | സർക്കാർ ഓഫീസുകളുടെ/ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 239 | 2334 |
| പത്തനംതിട്ട | 165 | 953 |
| പാലക്കാട് | 413 | 2007 |
| ഇടുക്കി | 157 | 1275 |
| വയനാട് | 77 | 1019 |
| തൃശ്ശൂർ | 803 | 2445 |
| എറണാകുളം | 385 | 1605 |
| കൊല്ലം | 567 | 1547 |
| കാസർഗോഡ് | 196 | 1083 |
| കണ്ണൂർ | 359 | 2295 |
| മലപ്പുറം | 754 | 2648 |
| കോട്ടയം | 302 | 1527 |
| ആലപ്പുഴ | 309 | 1101 |
| കോഴിക്കോട് | 510 | 2163 |
| ആകെ | 5236* | 24002 |

*ജില്ലാ അടിസ്ഥാനത്തിൽ നിലവിൽ തരം തിരിക്കാൻ ശേഷിക്കുന്ന 753 കണക്ഷനുകൾ ഉൾപ്പെടെ ആകെ 5989 കണക്ഷനുകൾ നൽകിയിട്ടുണ്ട്.